**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ആയത് പരിഷ്കരിക്കുന്നതിനു അടിയന്തര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (എ) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽ നിന്നും നഷ്ടപരി-ഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980) ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ.(കൈ) നം. 17/2018/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നിലവിൽ നഷ്ടപരി-ഹാരം അനുവദിച്ച് വരുന്നത്.<br><br>മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാ-നത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07/03/2024 തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.<br><br>മനുഷ്യ വന്യജീവി സംഘർഷത്തിൽ ഉണ്ടാകുന്ന 60% ൽ കൂടിയ സ്ഥായിയായ അംഗവൈകല്യത്തിന് അനുവദിച്ചിരുന്ന പരമാവധി നഷ്ടപരിഹാരത്തുക രണ്ട് ലക്ഷത്തിൽ നിന്നും രണ്ടര ലക്ഷമായി ടി പുതുക്കിയ ഉത്തരവ് പ്രകാരം ഉയർത്തിയിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റോ തേനീച്ച/ കടന്നൽ എന്നിവയുടെ കുത്തേറ്റോ മരണമടയുന്നവ-രുടെ ആശ്രിതർക്ക് നൽകി വന്നിരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും നാല് ലക്ഷമായും ഉയർത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുതുക്കി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം വിവിധ വകുപ്പുകൾ മുഖാന്തിരം നൽകേണ്ട നഷ്ടപരിഹാരങ്ങൾക്കുള്ള ഏകജാലക സംവിധാനം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ